**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭ - അനധികൃത നിർമ്മാണത്തിന് അനുമതി നൽകിയ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജോണി സെബാസ്റ്റ്യനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.1625/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 30.05.2015

=================================================================

പരാമർശം:-
1) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 20.05.2013-ലെ 56-ാമത് മീറ്റിംഗിന്റെ മിനുട്ട്സ്.
2) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 18.06.2013-ലെ 2187/എ2/12/KCZMA/S&TD നമ്പർ കത്ത്.
3) 19.03.2014 തീയതിയിലെ 11489/ഇയു1/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
4) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. ജോണി സെബാസ്റ്റ്യൻ 03.05.2014 തീയതിയിലെ പ്രതിവാദ പത്രിക.
5) നഗരകാര്യ ഡയറക്ടറുടെ 15.05.2014 തീയതിയിലെ വി2-6188/14 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിൽ പുതിയങ്ങാടി വില്ലേജിൽ കാമ്പുറം ബീച്ച് റോഡിൽ റീ.സർവ്വേ നമ്പർ 475 വാർഡ്, ബ്ളോക്ക് 12-ൽ പ്പെട്ട സ്ഥലത്ത് കെ.ജി. എൽ ബിൽഡേഴ്സിന് ലഗുണ മജസ്റ്റിക്ക് എന്ന വാസഗൃഹ സമുച്ചയത്തിന് കോസ്റ്റൽ റഗുലേഷൻ സോൺ ക്ലിയറൻസ് ലഭിക്കുന്നതിനായുള്ള നിർദ്ദേശം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പരിശോധിച്ച് പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

1) 1991-ലെ CRZ നോട്ടിഫിക്കേഷനിലെ Clause 3(2)(V) പ്രകാരം ആകെ 5 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള നിർമ്മാണങ്ങൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ മുൻകൂട്ടിയുള്ള CRZ ക്ലീയറൻസ് ആവശ്യമായിരുന്നു.

2) ബന്ധപ്പെട്ട അധികാരികളിൽ നിന്നും CRZ ക്ലീയറൻസ് വാങ്ങാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

3) 1984-ലെ കേരള ബിൽഡിംഗ് റൂൾ 1991-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഏരിയയിലും ബാധകമാണ്. കേരള ബിൽഡിംഗ് റൂൾ പ്രകാരം വാസഗൃഹങ്ങൾക്കുള്ള FAR 1.5 ആണ്. എന്നാൽ ബന്ധപ്പെട്ട അധികാരികൾക്ക്

യാതൊരു രേഖയും സമർപ്പിക്കാതെ FAR 2.89-ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ കോസ്റ്റൽ റഗുലേഷൻ സോൺ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മാണ പ്രവർത്തനത്തിന് 19.11.2008-ൽ അനുമതി നൽകിയ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ജോണി സെബാസ്റ്റ്യന് അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ജോണി സെബാസ്റ്റ്യൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം (5) ലെ കത്തിൽ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:-

''ഫ്ളാറ്റ് നിർമ്മാണത്തിനുള്ള പ്രാഥമിക അനുമതി കോഴിക്കോട് കോർപ്പറേഷനിൽ നിന്നും 14.08.2006-ലാണ് നൽകിയിട്ടുള്ളത്. ശ്രീ. ജോണി സെബാസ്റ്റ്യൻ 11.08.2008 മുതൽ 04.06.2009 വരെയും 01.08.2009 മുതൽ 30.09.2009 വരെയുമുള്ള കാലയളവിലാണ് കോഴിക്കോട് നഗരസഭാ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്തിട്ടുള്ളത്. ഇതിനിടയിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള റിവൈസ്ഡ് പ്ലാനിന് ഒറിജിനൽ പെർമിറ്റിന്റെ കാലാവധിയിൽ തന്നെ പെർമിറ്റ് പുതുക്കി നൽകുന്നതിന് നോട്ട് ഫയലിൽ ഉത്തരവ് നൽകുക മാത്രമാണ് ടിയാൻ നിർവ്വഹിച്ചിട്ടുള്ളതെന്ന് കാണുന്നു. ടി നടപടി തന്നെ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകിയതെന്നും, അസിസ്റ്റന്റ് ടൗൺ പ്ലാനർ, കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവർ അനുമതിക്കായി ശുപാർശ ചെയ്തുകൊണ്ട് സെക്രട്ടറിക്ക് അയച്ച ഫയലിന്റെ കുറിപ്പ് ഫയലിൽ പ്രസ്തുത ശുപാർശ അംഗീകരിച്ച് തിരിച്ചയയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും കാണുന്നു. പ്രസ്തുത കെട്ടിടം പണിയുന്ന സ്ഥലം 1991-ലെ CRZ നോട്ടിഫിക്കേഷന്റെ കീഴിൽ വരുന്ന തീരദേശത്തെ ഭാഗമാണെന്ന് സാങ്കേതിക വിഭാഗം ജീവനക്കാർ നടത്തിയ പരിശോധനകളിലോ സെക്രട്ടറി അനുമതി നൽകുന്ന അവസരത്തിലോ, ആയതിനു ശേഷമോ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ല എന്നും ശ്രീ. ജോണി സെബാസ്റ്റ്യന്റെ വിശദീകരണത്തിൽ പറയുന്നു. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ടുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ ചുമതലകൾ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നതായും പറയുന്നു. ടിയാന്റെ വിശദീകരണത്തിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരവും പരിഗണനാർഹവുമാണെന്ന് കാണുന്നു. മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്ന നിലയിലുള്ള ബൃഹത്തായ ജോലിത്തിരക്കിനിടയിൽ കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ആദ്യാവസാനം വരെയുള്ള പരിശോധനകൾ അസാദ്ധ്യവും അപ്രായോഗികവുമാകുന്നു. കൂടാതെ സാങ്കേതിക കാര്യങ്ങളിലെ വൈദഗ്ധ്യവും കോർപ്പറേഷൻ സെക്രട്ടറിമാർക്കില്ല. ഈ വസ്തുതകൾ കണക്കിലെടുത്തും സാങ്കേതിക വൈദഗ്ദ്യം ലഭിച്ച ഓവർസിയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ/കോർപ്പറേഷൻ എഞ്ചിനീയർ തലം വരെയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ശുപാർശ ചെയ്തുവന്ന ഒരു ഫയലിൽ ഒറിജിനൽ പെർമിറ്റ് കാലയളവിലേക്ക് മാത്രം റിവൈസ്ഡ് പ്ലാനിന്റെ പെർമിറ്റ് കാലാവധി പുതുക്കി നൽകുവാൻ നോട്ട് ഫയലിൽ അനുമതി നൽകിയതിന്റെ പേരിൽ കോർപ്പറേഷൻ സെക്രട്ടറി തസ്തിക വഹിക്കുന്ന ശ്രീ. ജോണി സെബാസ്റ്റ്യനെതിരെ നൽകിയ

കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ നൽകിയ മറുപടി പൊതുവേ അംഗീകരിക്കത്തക്കതാണെന്നും ആയത് അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.''

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് ഈ വിഷയത്തിൽ മുൻ കോഴിക്കോട് നഗരസഭാ സെക്രട്ടറി ശ്രീ. ജോണി സെബാസ്റ്റ്യനെതിരായ അച്ചടക്ക നടപടികൾ ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&[illegible])/ആഡിറ്റ്, തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവന്തപുരം.
സെക്രട്ടറി, കോഴിക്കോട് നഗരസഭ.
[illegible]
ശ്രീ. ജോണി സെബാസ്റ്റ്യൻ, റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**